അവസ്ഥയിലെത്തിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തിന് ഒരുതരം അസുഖം ഉണ്ടെന്നും ദേഹോപദ്രവം ചെയ്യുകയെന്നുള്ളത് മറെറാരു പ്രത്യേകതയാണെന്നുമാണ് റിപ്പോർട്ടിൽ കാണുന്നത്. ഈ സംഭവം നടക്കുന്ന ദിവസം കാലത്ത് അദ്ദേഹം പുറത്തേയ്ക്കുപോയി തിരിച്ചുവന്ന സമയത്ത് മരണപ്പെട്ടതായി കണ്ടുവെന്നുമൊക്കെയാണ് പറയുന്നത്. പക്ഷേ പിന്നീട് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ കാണാൻ സാധിക്കുന്നത് ഇതൊരു കൊലപാതകമല്ല, ആത്മഹത്യയാണെന്നാണ്. ദേഹത്തിൽ കാണുന്ന പരിക്ക് ഈ സ്വഭാവത്തിന്റെ ചില പ്രകടനമാണെന്നാണ്. എന്തായാലും ശരി ആ റിപ്പോർട്ട് അതേപടി സ്വീകരിച്ച് ക്ലോസ് ചെയ്യുന്നില്ല, ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കാം.

(3) കുന്ദംകുളം ആശുപത്രിയുടെ ദയനീയാവസ്ഥ

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. കെ.പി. അരവിന്ദാക്ഷൻ: സർ, 97 വർഷംമുമ്പ് പ്രവർത്തനമാരംഭിച്ച വളരെ പ്രശസ്തമായി നടന്നിരുന്ന കുന്ദംകുളം ആശുപത്രിയുടെ ദയനീയസ്ഥിതി മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഇത് അവതരിപ്പിക്കുന്നത്. ഇത് ഇതിനുമുമ്പും ഈ സഭയിൽ ഉന്നയിച്ചതാണ്. ഇപ്പോഴത്തെ അതിന്റെ സ്ഥിതി, ഏതാണ്ട് മാർക്കറിനേക്കാൾ പരിതാപകരമാണ്. കെട്ടിടം ചോർന്നൊലിക്കുന്നതുകൊണ്ട് രോഗികൾക്ക് കിടക്കാൻവയ്യ. മരുന്നില്ല. ഔട്ട് പേഷ്യൻറ് സ്ലിപ്പ് പോലും കൊടുക്കാനുള്ള ഏർപ്പാടില്ല. ഇപ്പോഴത്തെ രോഗികൾക്ക് കയറിച്ചെല്ലാൻ കഴിയാതെയായി. 97 വർഷം മുമ്പ് തൃശ്ശൂരിലെ ഇപ്പോഴത്തെ മെഡിക്കൽ കോളേജ് ആശുപത്രി എന്നുപറയുന്ന ജില്ലാ ആശുപത്രി കഴിഞ്ഞാൽ ഏറ്റവും പ്രശസ്തമായി നടന്നിരുന്ന ആശുപത്രിയാണ്. എത്രപ്രാവശ്യം ഈ പ്രശ്നം ഉന്നയിച്ചിട്ടും ഈ കാര്യത്തിനുവേണ്ടി ഒന്നും ചെയ്തില്ല. ഇതിനുശേഷം അവിടത്തെ മുനിസിപ്പാലിറ്റിയും ഹെൽത്ത് ഡിപ്പാർട്ടുമെൻറുംകൂടി ഒരു ധാരണയിലെത്തി. മുനിസിപ്പാലിറ്റിക്ക് ഷോപ്പിംഗ് കോംപ്ലക്സിന് കുറച്ച് സ്ഥലം വിട്ടുകൊടുത്താൽ 30ലക്ഷം രൂപ ചെലവുചെയ്ത് കെട്ടിടം കെട്ടിക്കൊടുക്കാമെന്നു പറഞ്ഞു. ആ കരാർ പോലും നടപ്പിലാക്കുന്നതിന് ഗവൺമെൻറിന് മുൻകൈ എടുപ്പിക്കാൻ കഴിയുന്നില്ല. അതാണു സ്ഥിതി. ഏതായാലും ഇപ്പോഴത്തെ ഹെൽത്ത് വകുപ്പിന്റെ ശരിക്കുള്ള പ്രതിഛായയും മുഖഛായയുമാണ് ആ ആശുപത്രി. അതിന്റെ തൊട്ടടുത്ത് ഒരു മൃഗാശുപത്രിയും നടക്കുന്നുണ്ട്. മനുഷ്യർക്ക് കയറി നിൽക്കാൻപോലും കഴിയാത്തരീതിയിലുള്ള ഈ അപമാനകരമായ സ്ഥിതി മാറുന്നതിന് എന്തെങ്കിലും ചെയ്യണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കുന്ദംകുളം ആശുപത്രിയുടെ കെട്ടിടം പുതുക്കിപണിയണമെന്നുള്ള റപ്രസന്റേഷൻ കിട്ടിയതിനെതുടർന്ന് അത് പരിശോധിച്ചു. മുനിസിപ്പാലിറ്റിയുടെ ഓഫർ 30 സെൻറ് സ്ഥലം മുനിസിപ്പാലിറ്റിക്ക് വിട്ടുകൊടുക്കുകയും 25ലക്ഷത്തിൽകൂടുതൽ വരുന്ന സംഖ്യ കൊടുക്കുകയും ചെയ്താൽ അവർ കെട്ടിടം പണിത് അവർക്ക് ഷോപ്പിംഗ് കോംപ്ലക്സിന് ഉപയോഗിച്ചിട്ട് ബാക്കിയുള്ള സ്ഥലം ആശുപത്രിക്ക് ഉപയോഗിക്കാമെന്നാണ്. മുനിസിപ്പാലിറ്റി പണിയുന്ന കെട്ടിടത്തിൽ ആശുപത്രിയുണ്ടാകുമ്പോൾ ഏതവസരത്തിലും അവർക്ക് അത് ഒഴിഞ്ഞുകിട്ടാൻ ആവശ്യപ്പെടാം. അതുമാത്രമല്ല ഷോപ്പിംഗ് കോംപ്ലക്സിന്റെ തൊട്ടടുത്തുതന്നെ ആശുപത്രി കെട്ടിടവും വരും. അതൊരു

LIBRARY ARCHIVES Kerala Legislative Assembly

ാഗത്ത് രണ്ടാമത്തേതാണെങ്കിൽ 25 ലക്ഷത്തിൽപ്പരം രൂപ മുനിസിപ്പാലിറ്റിയെ ഏൽപ്പിച്ച് അവരെക്കൊണ്ട് പണിയിപ്പിക്കേണ്ട ആവശ്യമില്ല. നൂറു കിടക്കകളുള്ള ആശുപത്രി അവിടെ സുഖകരമായി പ്രവർത്തിപ്പിക്കുന്നതിന് വളരെയധികം സംഖ്യ ആവശ്യമാണ്. ഏതായാലും അടിയന്തിരമായി ആവശ്യമായ റിപ്പയറിംഗ് നടത്താനുള്ള നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ഡി.എച്ച്.എസ്.സിനോട് അവിടെ ചെന്ന് പരിശോധിച്ചിട്ട് വിശദമായ റിപ്പോർട്ട് തരാൻ പറഞ്ഞിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മറ്റു നടപടികളും സ്വീകരിക്കാം.

(4) കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടനുസരിച്ചുള്ള ആനുകൂല്യങ്ങൾ

ശ്രീ. നാലകത്തുസൂപ്പി: സർ, മുസ്ലിംങ്ങളാദി പിന്നോക്ക വിഭാഗങ്ങൾ നാലാം ശമ്പള പരിഷ്കരണത്തോടുകൂടി അനുഭവിക്കുന്ന ഒരു പ്രയാസത്തിലേക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. പിന്നോക്കവിഭാഗങ്ങളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ മുൻനിറുത്തിക്കൊണ്ട് നിശ്ചയിക്കപ്പെട്ടിരുന്ന കുമാരപിള്ള കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ 1966 മുതൽ 6,000 രൂപ വരുമാനപരിധിയായി നിശ്ചയിച്ചുകൊണ്ട് ആ വരുമാനപരിധിക്കുള്ളിൽവരുന്ന മേൽപ്പറഞ്ഞ വിഭാഗങ്ങളുടെ കുട്ടികൾക്ക് മെഡിക്കൽ കോളേജ്, എൻജിനീയറിംഗ് കോളേജ്, പോളിടെക്നിക്കുകൾ എന്നീ പ്രൊഫഷണൽ കോളേജുകളിൽ സംവരണാനുകൂല്യം ലഭിച്ചിരുന്നു. ആ 6,000 രൂപ കാലക്രമേണ വർദ്ധിപ്പിച്ച് 10,000 രൂപയാക്കി. ഇപ്പോൾ 12,000 ആക്കിയിരിക്കുകയാണ്. എന്നാൽ 1985-ലെ ശമ്പള കമ്മീഷന്റെ ശുപാർശ നടപ്പിലാക്കുമ്പോൾ ബേസിക് പേയിൽ ഡി.എ. കൂടി കൂട്ടിച്ചേർത്താണ് വരുമാനപരിധി നിശ്ചയിക്കുന്നത്. അങ്ങനെ വരുമാനപരിധി നിശ്ചയിക്കുമ്പോൾ സ്വാഭാവികമായും വരുമാനം വർദ്ധിച്ചതായി കാണുന്നു. എന്നാൽ യഥാർത്ഥത്തിൽ വരുമാനം വർദ്ധിച്ചിട്ടില്ല. അതുപോലെ മുൻകാലങ്ങളിൽ ഈ ആനുകൂല്യം ലഭിച്ചുകൊണ്ടിരുന്നവർക്ക് തുടർന്നും ഈ ആനുകൂല്യം ലഭ്യമാക്കണമെങ്കിൽ തീർച്ചയായും ആ വരുമാനപരിധി ഉയർത്തണം. 12,000 എന്നുള്ളത് ചുരുങ്ങിയത് 18,000 ആയി ഉയർത്തേണ്ടിയിരിക്കുന്നു. 6,000 നേരത്തെ നിശ്ചയിച്ചിരുന്നത് അന്നത്തെ ആദായനികുതിയുടെ അടിസ്ഥാനത്തിലാണ്. ആ മാനദണ്ഡം വച്ചുകൊണ്ട് ഇന്നത്തെ ആദായനികുതിയുടെ പരിധി 18,000 വരെ ഉയർത്തേണ്ടിയിരിക്കുന്നു. അതല്ലെങ്കിൽ മുസ്ലിംങ്ങളാദി പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് മെഡിക്കൽ കോളേജ്, എൻജിനീയറിംഗ് കോളേജ്, പോളിടെക്നിക്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ അർഹമായ പ്രവേശനം നിഷേധിക്കപ്പെടുമെന്നുള്ളതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തിരമായ ഒരു തീരുമാനം കൈക്കൊള്ളണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ആദ്യം 6,000 രൂപയായിരുന്നത് 10,000 രൂപയായി വർദ്ധിച്ചു. ഈ അടുത്ത കാലത്ത് അത് 12,000 രൂപയായി വർദ്ധിപ്പിച്ചു. ഇതിൽ ഡിയർനസ് അലവൻസിന്റെ ഭാഗം ഉൾക്കൊള്ളുന്നതുകൊണ്ട് പലർക്കും ഇതിന്റെ ആനുകൂല്യം കിട്ടുന്നില്ല എന്നുള്ള പരാതി കിട്ടിയതിനെ തുടർന്ന് ഡിയർനസ് അലവൻസ് ഇതിനു കണക്കാക്കേണ്ടതില്ല എന്ന് കൽപ്പന കൊടുത്തുകഴിഞ്ഞിരി

LIBRARY ARCHIVES Kerala Legislative Assembly